DESPATCHED
On 24/5/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.1967 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 16680/SIC-G4/2021)**
**സന്നിഹിതൻ**

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 18

ശ്രീമതി. അനിത സുശീലൻ എസ്.
അനുപമ, ഹൗസ് നം. 484/IV,
കൊടങ്ങവിള പി.ഒ.,
നെയ്യാറ്റിൻകര – 695 123. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
തൈയ്ക്കാട് വില്ലേജ് ഓഫീസ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി & തഹസിൽദാർ,
താലൂക്ക് ഓഫീസ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജി തീർപ്പാക്കി 2.3.2022-ൽ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരി 23.7.2022-ൽ നൽകിയ ഒന്നാം അപ്പീൽ അപേക്ഷ കാലതാമസം വരുത്തി 23.9.2021-നാണ് തീർപ്പാക്കിയത് എന്നതിനാൽ, രണ്ടാം എതിർകക്ഷിയുടെ ഇക്കാര്യത്തിലുള്ള വിശദീകരണം കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം എതിർകക്ഷി ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, കേരളത്തിലെ ഏറ്റവും വലിയ താലൂക്ക് ഓഫീസുകളിൽ ഒന്നാണ് തിരുവനന്തപുരം താലൂക്ക് ഓഫീസ് എന്നും, കാലാകാലങ്ങളിലായി നിരവധി പുതിയ ഉത്തരവാദിത്വങ്ങൾ ടി കാര്യാലയത്തിൽ ഏൽപ്പിക്കപ്പെട്ടുവെങ്കിലും അതിനനുസരിച്ച സ്റ്റാഫ് പാറ്റേണിന്റെ മാറ്റങ്ങൾ ഒന്നും തന്നെ സംഭവിക്കാത്തത് കൊണ്ടും 50 വർഷം മുമ്പ് അനുവദിക്കപ്പെട്ട തസ്തികകളിലെ ജീവനക്കാരെ മാത്രം നിയോഗിച്ചാണ് താലൂക്ക് ഓഫീസിന്റെ പ്രവർത്തനം നടന്നു വരുന്നതെന്നും അധിക ജോലി ഭാരവും ക്ലാർക്കുമാരുടെ അഭാവവും കാരണമായി പലപ്പോഴും സെക്ഷനുകളും സീറ്റുകളും പുന:ക്രമീകരിക്കേണ്ടി വന്നിട്ടുണ്ടെന്നും, അപ്രകാരം ക്ലാർക്കുമാരുടെ കുറവ് കാരണമായി ടി കാര്യാലയത്തിൽ വിവരാവകാശ നിയമം കൈകാര്യം ചെയ്തുവന്നിരുന്ന എ7-സീറ്റിന്റെ ചാർജ് 2021 ജൂലൈ

മാസം മുതൽ എ5-സീറ്റ് ക്ലാർക്കിന് നൽകിയിരുന്നു എന്നും സർട്ടിഫിക്കറ്റുകൾ സംബന്ധമായി വളരെയധികം തിരക്കുള്ള എ5 സീറ്റിനൊപ്പം എ7 സീറ്റു കൂടി കൈകാര്യം ചെയ്യേണ്ടി വന്ന സമയം മന:പൂർവ്വമല്ലാത്ത വീഴ്ച ടി അപ്പീൽ തീർപ്പാക്കുന്നതിൽ സംഭവിച്ചതാണെന്നും മന:പൂർവ്വമല്ലാതെ സംഭവിച്ച പിഴവ് മാപ്പാക്കണമെന്നുമാണ്.

2. മറ്റ് ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ്, വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിലും/അപ്പീൽ അപേക്ഷകളിലും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും/ അപ്പീലധികാരികളും ആ നിലയിലുള്ള അവരുടെ ചുമതലകളും നിർവ്വഹിക്കേണ്ടത് എന്നതിനാൽ അപ്പീൽ അധികാരിയുടെ ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ വിവരാവകാശ അപ്പീൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശം രണ്ടാം എതിർകക്ഷിക്ക് നൽകികൊണ്ട് ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മേയ് 18-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION

Shi